**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **16-09-2025 - ൽ മറുപടിയ്ക്ക്**

**ശസ്ത്രക്രിയയ്ക്കിടെ ഗൈഡ്‌വയർ കുടുങ്ങിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡ് ഗ്രന്ഥി നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്കിടെ യുവതിയുടെ നെഞ്ചിൽ ഗൈഡ്‌വയർ കുടുങ്ങിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ശ്രീമതി സുമയ്യക്ക് ഗോയിറ്റർ എന്ന രോഗം കണ്ടെത്തിയതിനെ തുടർന്ന് 20.03.2023 ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോഡാക്ടമി എന്ന ശസ്ത്രക്രിയക്ക് വിധേയയായിരുന്നു. യുവതിക്ക് ആവശ്യമായ തുടർ ചികിത്സയും പരിചരണവും നൽകി 30.03.2023 ന് ഡിസ്ചാർജ് ചെയ്തിരുന്നു. ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത ഭാഗം ജനറൽ ആശുപത്രിയിൽ നിന്നും തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്തിയപ്പോൾ തൈറോയ്ഡ് ക്യാൻസർ സ്ഥിരീകരിച്ചു. തുടർന്ന് യുവതി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ തേടി. കഴിഞ്ഞ 2 വർഷമായി യുവതി ആർ.സി.സി യിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും തുടർ ചികിത്സ (Follow -up care) യിലാണ്.<br><br>ആർ.സി.സി യിലെ ചികിത്സയുടെ ഭാഗമായി 2025 മാർച്ച് മാസം നടത്തിയ എക്സ് റേ പരിശോധനയിൽ രക്തകുഴൽ വഴി മരുന്നുകൾ നൽകാൻ ഉപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ |

ഭാഗമായുള്ള ഗൈഡ് വയർ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ജനറൽ ആശുപത്രി സൂപ്രണ്ട് 2025 ഏപ്രിൽ മാസം ആയത് സംബന്ധിച്ച് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ അഭിപ്രായം തേടിയിരുന്നു. ഇതുകൊണ്ട് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകില്ല എന്ന റിപ്പോർട്ടാണ് ലഭിച്ചത്. എങ്കിലും സൂപ്രണ്ട് ഈ വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീമതി സുമയ്യയുടെ ശരീരത്തിൽ ഗൈഡ് വയർ കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആരോഗ്യവകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, റേഡിയോഡയഗ്നോസിസ്, അനസ്തീഷ്യോളജി, ജനറൽ സർജറി വിഭാഗം എന്നിവരടങ്ങിയ വിദഗ്ധ സമിതിയെ 2025 ഓഗസ്റ്റ് മാസം ചുമതലപ്പെടുത്തിയിരുന്നു. വിദഗ്ധ സമിതി 14.08.2025 ന് ആദ്യ യോഗം ചേർന്ന് മെഡിക്കൽ രേഖകൾ പരിശോധിച്ചുവെങ്കിലും പൂർണ്ണമായ നിഗമനത്തിലെത്താൻ സാധിക്കാത്തതിനാൽ ആർ.സി.സി, മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നൽകിയ ചികിത്സ, പരിശോധന എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ രേഖകൾ കൂടി പരിശോധിക്കാൻ തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, ക്രിട്ടിക്കൽ അനസ്തേഷ്യ, അനസ്തേഷ്യ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ കൂടി സമിതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീമതി സുമയ്യയുടെ പരാതി ലഭിച്ചതിനെ തുടർന്ന് 03.09.2025 ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ധ സമിതി ചേർന്നിരുന്നു. അന്നേ ദിവസം എല്ലാ ചികിത്സാ രേഖകളും സഹിതം ശ്രീമതി സുമയ്യയോടും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശ്രീമതി സുമയ്യയുടെ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരോടും സമിതിക്ക് മുമ്പാകെ ഹാജരാകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ശ്രീമതി സുമയ്യ വിദഗ്ധ സമിതി മുമ്പാകെ ഹാജരാകുകയും ടിയാളുടെ പക്കൽ ലഭ്യമായ രേഖകൾ സമിതി പരിശോധിക്കുകയും ശ്രീമതി സുമയ്യയുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീമതി സുമയ്യയുടെ ശസ്ത്രക്രിയ നടത്തിയതുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ജീവനക്കാരും സമിതി മുമ്പാകെ ഹാജരായി മൊഴി നൽകിയിരുന്നു.<br><br>വിദഗ്ധ സമിതിയുടെ തീരുമാന പ്രകാരം നിലവിലെ സമിതിയിലെ അംഗങ്ങൾക്കു പുറമെ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെ സമിതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെ കൂടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | പൊതുജനങ്ങളിൽ നിന്നും ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പരാതി ലഭിച്ചാൽ എത്രയും വേഗം തന്നെ അന്വേഷണ നടപടി സ്വീകരിച്ചുവരുന്നു. വീഴ്ച ഉള്ള കേസുകളിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>ചികിത്സാ പിഴവുകൾ ഉണ്ടാകുന്നത് അതീവ ഗൗരവമായി കണ്ട് സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തീയറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോകോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിലേക്കായി Surgical Error തടയുന്നതിനുള്ള മാർഗ്ഗരേഖ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീയറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗ് ഓറിയന്റേഷൻ ക്ലാസുകളും നൽകി വരുന്നു. എല്ലാ ഓപ്പറേഷൻ തീയറ്ററുകളിലും ശസ്ത്രക്രിയക്ക് വിധേയമാകുന്ന രോഗികളുടെ തത്സ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാതു യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും തീയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആശയ വിനിമയത്തിൽ ഇവർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം / ഏരിയ എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

ശ്രീമതി സുമയ്യക്ക് ഗോയിറ്റർ എന്ന രോഗം കണ്ടെത്തിയതിനെ തുടർന്ന് 20.03.2023 ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോഡാക്ടമി എന്ന ശസ്ത്രക്രിയക്ക് വിധേയയായിരുന്നു. യുവതിക്ക് ആവശ്യമായ തുടർ ചികിത്സയും പരിചരണവും നൽകി 30.03.2023 ന് ഡിസ്ചാർജ് ചെയ്തിരുന്നു. ശസ്ത്രക്രിയ സംബന്ധമായ ഒരു പ്രശ്നവും ഈ കാലയളവിൽ യുവതിക്ക് ഉണ്ടായിരുന്നില്ല. ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത ഭാഗം ജനറൽ ആശുപത്രിയിൽ നിന്നും തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്തിയപ്പോൾ തൈറോയ്ഡ് ക്യാൻസർ സ്ഥിരീകരിച്ചു. തുടർന്ന് യുവതി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സ തേടി. കഴിഞ്ഞ 2 വർഷമായി യുവതി ആർ.സി.സി യിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും തുടർ ചികിത്സ (Follow –up care) യിലാണ്.

ആർ.സി.സി യിലെ ചികിത്സയുടെ ഭാഗമായി 2025 മാർച്ച് മാസം നടത്തിയ എക്സ് റേ പരിശോധനയിൽ രക്തകുഴൽ വഴി മരുന്നുകൾ നൽകാൻ ഉപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ ഭാഗമായുള്ള ഗൈഡ് വയർ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ജനറൽ ആശുപത്രി സൂപ്രണ്ട് 2025 ഏപ്രിൽ മാസം ആയത് സംബന്ധിച്ച തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ അഭിപ്രായം തേടിയിരുന്നു. ഇതുകൊണ്ട് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകില്ല എന്ന റിപ്പോർട്ട് ലഭിച്ചു. എങ്കിലും സൂപ്രണ്ട് ഈ വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽ പ്പെടുത്തി. ശ്രീമതി സുമയ്യയുടെ ശരീരത്തിൽ ഗൈഡ് വയർ കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആരോഗ്യവകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, റേഡിയോ ഡയഗ്നോസിസ്, അനസ്തീഷ്യോളജി, ജനറൽ സർജറി വിഭാഗം എന്നിവരടങ്ങിയ വിദഗ്ധ സമിതിയെ 2025 ഓഗസ്റ്റ് മാസം ചുമതലപ്പെടുത്തിയിരുന്നു. വിദഗ്ധ സമിതി 14.08.2025 ന് ആദ്യ യോഗം ചേർന്ന് മെഡിക്കൽ രേഖകൾ പരിശോധിച്ചുവെങ്കിലും പൂർണ്ണമായ നിഗമനത്തിലെത്താൻ സാധിക്കാത്തതിനാൽ ആർ.സി.സി, മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നൽകിയ ചികിത്സ, പരിശോധന എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ രേഖകൾ കൂടി പരിശോധിക്കാൻ തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, ക്രിട്ടിക്കൽ അനസ്തേഷ്യ, അനസ്തേഷ്യ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ കൂടി സമിതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീമതി സുമയ്യയുടെ പരാതി ലഭിച്ചതിനെ തുടർന്ന് 03.09.2025 ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ധ സമിതി ചേർന്നിരുന്നു. അന്നേ ദിവസം എല്ലാ ചികിത്സാ രേഖകളും സഹിതം ശ്രീമതി സുമയ്യയോടും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശ്രീമതി സുമയ്യയുടെ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരോടും സമിതിക്ക് മുമ്പാകെ ഹാജരാകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ശ്രീമതി സുമയ്യ വിദഗ്ധ സമിതി മുമ്പാകെ ഹാജരാകുകയും ടിയാളുടെ പക്കൽ ലഭ്യമായ രേഖകൾ സമിതി പരിശോധിക്കുകയും ശ്രീമതി സുമയ്യയുടെ മൊഴി

രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീമതി സുമയ്യയുടെ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട ജീവനക്കാരും സമിതി മുമ്പാകെ ഹാജരായി മൊഴി നൽകിയിരുന്നു.

വിദഗ്ധ സമിതിയുടെ തീരുമാന പ്രകാരം ശ്രീമതി സുമയ്യയുടെ ശരീരത്തിലുള്ള ഗൈഡ് വയർ ശരീരത്തിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് അഭിപ്രായം തേടുന്നതിനായി നിലവിലെ സമിതിയിലെ അംഗങ്ങൾക്കുപുറമെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ സമിതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെ സമിതിയിൽ ഉൾപ്പെടുത്തി. ശ്രീമതി സുമയ്യയുടെ ശരീരത്തിലുള്ള ഗൈഡ് വയർ ശരീരത്തിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ മെഡിക്കൽ ബോർഡ്/ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട്( റേഡിയോ ഡയഗ്നോസിസ്, സി റ്റി സ്കാൻ എന്നിവയുടെ സി.ഡി സഹിതം) സമിതിയിൽ ലഭ്യമാക്കി പ്രസ്തുത വിഷയത്തിൽ തീരുമാനം എടുക്കുന്നതിന് സമിതി അടിയന്തരമായി ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പൊതുജനങ്ങളിൽ നിന്നും ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പരാതി ലഭിച്ചാൽ എത്രയും വേഗം തന്നെ അന്വേഷണ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഭാവിയിൽ ചികിത്സാ വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനുള്ള തുടർ പരിശീലന പരിപാടികൾ ആരോഗ്യ വകുപ്പ് പല ചികിത്സാ മേഖലകളിലും ഒരുക്കുന്നുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തീയറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോകോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിലേക്കായി Surgical Error തടയുന്നതിനുള്ള മാർഗ്ഗരേഖ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീയറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും ഓറിയന്റേഷൻ ക്ലാസുകളും നൽകി വരുന്നു. എല്ലാ ഓപ്പറേഷൻ തീയറ്ററുകളിലും ശസ്ത്രക്രിയക്ക് വിധേയമാകുന്ന രോഗികളുടെ തത്സ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും തീയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആശയ വിനിമയത്തിൽ ഇവർക്ക് ആവശ്യമായ പരിശീലനം നൽ കിയിട്ടുണ്ട്. ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം / ഏരിയ എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്.